# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5388 — 01.07.2019 ൽ മറുപടിക്ക്

## ചെറുകിട വ്യവസായ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പ്രാദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഗ്രാമപ്രദേശങ്ങളിൽ ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനും അതുവഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും വ്യവസായവകുപ്പിന് കീഴിൽ ഏതെങ്കിലും പദ്ധതി ഉണ്ടോ; വിശദമാക്കാമോ; | എ) | അനുയോജ്യമായ സ്ഥലങ്ങളിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കായി പ്രത്യേക പദ്ധതികൾ നിലവിലില്ല. |
| ബി) | ചെറുകിട വ്യവസായ മേഖലയിൽ വനിത സംരംഭകരെ ഉൾപ്പെടെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | ബി) | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യമായ 'സംരംഭകത്വ സഹായപദ്ധതി' നടപ്പിലാക്കി വരുന്നു. വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഈ പദ്ധതി പ്രകാരം വനിതാ സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നു.<br>കെ.എസ്.ഐ.ഡി.സി മുഖേന വനിത സംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കാനും പുതിയത് തുടങ്ങുവാനും 7.5% പലിശയിൽ 25 ലക്ഷം രൂപ വരെ ആറു വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ നൽകി വരുന്നു.<br>ചെറുകിട വ്യവസായ മേഖലയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിച്ച് തൊഴിൽ അവസരം ഉയർത്താനായി 20.05.2019-ലെ ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് പുറപ്പെടുവിച്ച ജി.ഒ.(സാധാ) നം.98/2019/ഐ.ടി.ഡി ഉത്തരവ് പ്രകാരം പ്രീ ഇൻകുബേഷൻ, വിപണനം, ഉല്പന്ന വികസനം എന്നീ മേഖലകളിൽ പദ്ധതി ആവിഷ്കരിച്ച് കേരള സ്റ്റാർട്ടപ്പ് (കെ.എസ്.യു.എം) മുഖേന നടപ്പിലാക്കി വരുന്നു.<br>കൂടാതെ വിവിധ തലത്തിലുള്ള സംരംഭകത്വ പരിശീലന പരിപാടികളിൽ ഏറ്റവും കുറഞ്ഞത് 20 % വനിത പ്രാതിനിധ്യം ഉറപ്പാക്കുന്നു |

സെക്ഷൻ ഓഫീസർ